1. ചീഫ് സെക്രട്ടറി
2. പ്രിൻസിപ്പൽ സെക്രട്ടറി (ധന. വകുപ്പ്)
3. സെക്രട്ടറി (പബ്ലിക് വർക്സ്)
4. സെക്രട്ടറി (ഇറിഗേഷൻ)
5. സെക്രട്ടറി (പ്ലാനിംഗ്)
6. സെക്രട്ടറി (റവന്യൂ)
7. സെക്രട്ടറി (ധന. റിസോഴ്സസ്)
8. റിട്ടയേർഡ് ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
9. ജനറൽ മാനേജർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ

ഒരു സ്ഥാപനത്തിനും വായ്പ ഇതേവരെ അനുവദിച്ചിട്ടില്ല.

കരാറുകാർക്ക് കൊടുക്കുവാനുള്ള കുടിശ്ശിക

37 (369) ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യു.ഡി. ഇറിഗേഷൻ ഉൾപ്പെടെയുള്ള ഡിപ്പാർട്ടുമെന്റുകളിലെ കരാറുകാർക്ക് എത്ര രൂപയാണ് കുടിശ്ശിക കൊടുക്കുവാൻ ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സാമൂഹ്യക്ഷേമ പദ്ധതികളനുസരിച്ച് സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കുന്ന പെൻഷനുകൾ എത്ര രൂപാ കുടിശ്ശിക നൽകുവാൻ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇതിൽ തൊഴിലില്ലായ്മ വേതനം, കർഷകത്തൊഴിലാളി പെൻഷൻ എന്നിവയുടെ എത്ര വീതം കുടിശ്ശിക ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ കുടിശ്ശികകൾ സമയബന്ധിതമായി കൊടുത്ത് തീർക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ അതിന്റെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ)

1.	റോഡുകളും പാലങ്ങളും (30.9.2000-ൽ)	–	625.83
2.	കെട്ടിട വിഭാഗം (30.9.2000-ൽ)	–	60.81
3.	ജലസേചനം പ്രോജക്ട് I	–	33.14
4.	ജലസേചനം പ്രോജക്ട് II	–	വിവരം ശേഖരിച്ചുവരുന്നു
5.	ജലസേചനം പ്രോജക്ട് III	–	6.05

LIBRARY ARCHIVES Kerala Legislative Assembly

6.	ഇറിഗേഷൻ ഡിസൈൻ ആന്റ് റിസർച്ച് ബോർഡ്	-	1.15
7.	ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷൻ	-	60.59
8.	നാഷണൽ ഹൈവേ	-	വിവരം ശേഖരിച്ചുവരുന്നു.
	ആകെ	-	787.48

(ബി) 50.13 കോടി രൂപ.

(സി)	തൊഴിലില്ലായ്മ വേതനം	-	59.88 കോടി രൂപ
	കർഷകത്തൊഴിലാളി പെൻഷൻ	-	40.65 കോടി രൂപ

(ഡി)&(ഇ) ഗവൺമെന്റിന്റെ സാമ്പത്തികനില മെച്ചപ്പെടുന്നതനുസരിച്ച് കുടിശ്ശിക കൊടുത്തുതീർക്കുന്നതാണ്.

ദീർഘകാല അവധിയിൽ വിദേശത്തുജോലി ചെയ്യുന്നവർ

38 (370) ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീർഘകാല അവധിയിൽ വിദേശത്ത് ജോലിനോക്കുന്നവരും മറ്റും പെൻഷനാകുന്നതിന് ഒരു വർഷം മുമ്പ് ജോലിയിൽ തിരികെ പ്രവേശിക്കണമെന്ന ഉത്തരവ് മുൻകാല പ്രാബല്യത്തോടെ റദ്ദ് ചെയ്തതായി ധനകാര്യ വകുപ്പിന്റെ ഏതു സെക്ഷനിൽ നിന്നുമാണ് പത്രക്കുറിപ്പ് നൽകാൻ നടപടി എടുത്തത്;

(ബി) പത്രക്കുറിപ്പു നൽകിയതും ഉത്തരവിറക്കിയതും പെൻഷൻ സെക്ഷൻ അറിയാതെയാണോ;

(സി) ഇങ്ങനെ ഉത്തരവിറക്കുകയും പത്രക്കുറിപ്പ് നൽകുകയും ചെയ്തതുകൊണ്ട് 1997 ആഗസ്റ്റു മാസത്തിന് മുമ്പ് ദീർഘകാല അവധി ലഭിച്ചവരും എന്നാൽ 8.8.97-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർവ്വീസിൽനിന്ന് തിരികെ പ്രവേശിക്കേണ്ടവരുമായിരുന്നവർ സർവ്വീസിൽ പ്രവേശിക്കാതിരുന്നിട്ടുണ്ടോ;

(ഡി) പെൻഷന് ഒരുവർഷം മുമ്പ് വരെ മാത്രം ലീവ് ലഭിച്ചവർ പത്രക്കുറിപ്പിന്റെ അടിസ്ഥാനത്തിൽ സർവ്വീസിൽ പ്രവേശിക്കാതെ ലീവ് നീട്ടികിട്ടുന്നതിന് അപേക്ഷ നൽകിയിട്ടുണ്ടോ;

(ഇ) പത്രക്കുറിപ്പിന്റെ അടിസ്ഥാനത്തിൽ സർവ്വീസിൽ തിരികെ പ്രവേശിക്കാതിരുന്നവർക്ക് പെൻഷനും മറ്റും ലഭിക്കുമോ;

(എഫ്)ഇല്ലെങ്കിൽ ജീവനക്കാരുടേതല്ലാത്ത കുഴപ്പം കൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത് എന്ന കാര്യം സർക്കാർ പരിഗണിക്കുമോ;

(ജി) ഒരു വർഷത്തിനുമുമ്പ് സർവ്വീസിൽ തിരികെ പ്രവേശിക്കണമെന്ന ഉത്തരവ് മുൻകാല പ്രാബല്യത്തോടെ റദ്ദ്ചെയ്ത സർക്കാർ പത്രക്കുറിപ്പ് കാരണം ജീവനക്കാർക്കുണ്ടായ ദുരിതാശ്വാസം പരിഹരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly